(സി) പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്കെല്ലാം നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ എവിടെയെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ സ്കൂൾ അദ്ധ്യാപകരിൽ ആരെയെങ്കിലും ഇക്കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പിരിച്ചുവിട്ടിട്ടുണ്ടോ?

ഉത്തരം

(എ) 1603.

(ബി) 14-7-1996 വരെ എയിഡഡ് സ്കൂളുകളിൽ റഗുലർ സർവ്വീസിലുണ്ടായിരുന്ന അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ അനുകൂല്യം ലഭ്യമാണ്. അതിനുംപുറമെ 1996-1997-ലെ റഗുലർ ഒഴിവുകളിൽ 14-7-1997 വരെ നിയമനം ലഭിച്ച എയിഡഡ് സ്കൂൾ അദ്ധ്യാപകർക്കും പ്രൊട്ടക്ഷൻ ആനുകൂല്യം ലഭ്യമാണ്.

(സി) എയിഡഡ്/സർക്കാർ/ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ എന്നിവിടങ്ങളിൽ ലഭ്യമായ ഒഴിവുകളിൽ വിന്യസിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എൽ.പി./യു.പി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്ന നടപടി

360 [2419] **ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊട്ടക്ടഡ് അദ്ധ്യാപകരെ സർക്കാർ പ്രൈമറി സ്കൂളുകളിൽ നിയമിച്ചതുമൂലം എൽ.പി./യു.പി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രൊട്ടക്ടഡ് അദ്ധ്യാപകരെ മാതൃവിദ്യാലയത്തിലേക്ക് തിരിച്ചയച്ച് പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള അവസരങ്ങളിൽ എൽ.പി./യു.പി. സ്കൂളുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയോഗിക്കാറില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പ്ലസ്ടു തലത്തിൽ മാനവിക വിഷയങ്ങൾ

361 [2420] **ഡോ. തോമസ് ഐസക്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടു തലത്തിൽ മാനവിക വിഷയങ്ങൾ പഠിക്കുവാൻ അവസരം നൽകുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്നും, സംസ്ഥാനത്ത് മാനവിക വിഷയങ്ങൾ പ്ലസ്ടു തലത്തിൽ പഠിക്കുവാൻ അവസരം നൽകുന്ന സ്കൂളുകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly